LIBRARY ARCHIVES Kerala Legislative Assembly

ഖാദി വ്യവസായത്തിൽ മിനിമം കൂലി

253(2722) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി വ്യവസായത്തിൽ മിനിമം കൂലി നിശ്ചയിച്ചത് ഏത് വർഷമാണ്;

(ബി) മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 8-1-2010-ലെ സ.ഉ.(കൈ)നമ്പർ 5/2010/തൊഴിൽ പ്രകാരം കേരള സംസ്ഥാനത്തെ ഖാദി വ്യവസായത്തിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പുതുക്കിയ മിനിമം വേതന നിരക്കുകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി&സി) ഉണ്ട്. സർക്കാരിന്റെ 24-6-2015-ലെ സ.ഉ.(അച്ചടി) നമ്പർ 73/2015/തൊഴിൽ പ്രകാരം സംസ്ഥാനത്തെ ഖാദി മേഖലയിലെ തൊഴിലാളികൾക്കുള്ള മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിലേക്കായി ശ്രീ. പി. കെ. ഗോപാലൻ സ്വതന്ത്രാംഗവും ചെയർമാനുമായും ലേബർ കമ്മീഷണർ സ്വതന്ത്ര അംഗമായും കൂടാതെ തൊഴിലാളി-തൊഴിലുടമാ ഗണത്തിൽപ്പെടുന്ന 8 പ്രതിനിധികളുമടക്കം ആകെ 10 അംഗങ്ങളുള്ള ഒരു സബ്കമ്മിറ്റി രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

എൻ.സി.വി.ടി. അംഗീകാരം ലഭിക്കാത്ത സർക്കാർ ഐ.ടി.ഐ.കൾ

254(2723) ശ്രീ. ബി. സത്യൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.വി.ടി. അംഗീകാരം ലഭിക്കാത്ത സർക്കാർ ഐ.ടി.ഐ.-കളുണ്ടോ; എങ്കിൽ ഏതെല്ലാം; അംഗീകാരം ലഭിക്കാത്തതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ;

(ബി) നിലവിലുള്ള എല്ലാ ഐ.ടി.ഐ.-കളും ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ മാനദണ്ഡമനുസരിച്ച് റീ-അഫിലിയേഷൻ നടത്തണമെന്ന് ഡി.ജി.ടി. നിർദ്ദേശം നൽകിയിട്ടുണ്ടോ; റീ-അഫിലിയേഷനുള്ള മാനദണ്ഡം വിശദമാക്കാമോ;

(സി) റീ-അഫിലിയേഷൻ നടപടി പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ എൻ.സി.വി.ടി. അംഗീകാരം നിലനിൽക്കുമോ; ഇത് വിദ്യാർത്ഥികളെ എങ്ങനെ ബാധിക്കുമെന്ന് അറിയിക്കാമോ;

(ഡി) ഏതൊക്കെ ഐ.ടി.ഐ.-കൾ റീ-അഫിലിയേഷനായി അപേക്ഷ സമർപ്പിച്ചെന്നും അപേക്ഷ സമർപ്പിക്കാൻ ബാക്കിയുള്ളവ ഏതൊക്കെയെന്നും റീ-അഫിലിയേഷൻ ലഭിച്ചവ ഏതൊക്കെയെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. NCVT-യുടെ അംഗീകാരം ലഭിക്കുന്നതിന് ഒരു ഐ.ടി.ഐ.-ക്ക് ആയിട്ടില്ല. മറിച്ച് ഒരു ഐ.ടി.ഐ.-യിലെ ഓരോ ട്രേഡിലെയും ഓരോ യൂണിറ്റിനാണ്. വ്യാവസായിക പരിശീലന വകുപ്പിൻ കീഴിൽ ഒരു യൂണിറ്റിനു പോലും NCVT അംഗീകാരമില്ലാത്ത 40 ഐ.ടി.ഐ.-കൾ ഉണ്ട്. NCVT അംഗീകാരമുള്ള യൂണിറ്റുകളും NCVT അംഗീകാരമില്ലാത്ത യൂണിറ്റുകളുമുള്ള 38 ഐ.ടി.ഐ.-കൾ ഉണ്ട്. എല്ലാ യൂണിറ്റുകൾക്കും NCVT അംഗീകാരമുള്ള 3 ഐ.ടി.ഐ.-കൾ ഉണ്ട്. ഇവയുടെ പട്ടിക അനുബന്ധം ആയി ചേർത്തിട്ടുണ്ട്.* NCVT അംഗീകാരമില്ലാത്ത (എന്നാൽ SCVT-യുടെ അംഗീകാരം മാത്രമുള്ള) ട്രേഡുകൾ/യൂണിറ്റുകൾക്ക് DGT സിലബസ് പ്രകാരമുള്ള പഠനോപകരണങ്ങളും യന്ത്രസാമഗ്രികളും നിശ്ചിത അളവിലുള്ള വർക്ക്ഷോപ്പും ലഭ്യമായാൽ മാത്രമേ NCVT അംഗീകാരത്തിന് Quality Council of India-യിൽ അപേക്ഷ നൽകുവാൻ കഴിയുകയുള്ളൂ. ടി മാനദണ്ഡങ്ങൾ പൂർത്തിയാക്കാൻ കഴിയാത്തതിനാലാണ് NCVT അഫിലിയേഷൻ ലഭിക്കാത്തത്. ആയതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട് എന്ന് ടെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) ഇല്ല. നിലവാരമുയർത്തുന്നതിന്റെ ഭാഗമായി ഐ.ടി.ഐ.-കളുടെ NCVT അഫിലിയേഷൻ 5 വർഷത്തേക്ക് നിജപ്പെടുത്തിയിട്ടുണ്ടെന്നും 5 വർഷത്തിന് മുമ്പ് അഫിലിയേഷൻ ലഭിച്ചിട്ടുള്ള എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ.കളും 2015 ആഗസ്റ്റിനുമുമ്പ് വീണ്ടും NCVT അഫിലിയേഷൻ നേടിയെടുക്കേണ്ടതാണെന്നും Director General of Training നിർദ്ദേശിച്ചിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല. 2015-16 പരിശീലന വർഷം കൂടി റീ-അഫിലിയേഷൻ കൂടാതെ തന്നെ എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ.-കൾക്കും പ്രവേശനം നടത്തുന്നതിന് Director General of Training അനുവാദം നൽകിയിട്ടുണ്ട്. ടി സാഹചര്യത്തിൽ 2015-16 പരിശീലന വർഷം NCVT അഫിലിയേഷൻ ഉള്ള ട്രേഡുകളിൽ/ യൂണിറ്റുകളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികളെ റീ-അഫിലിയേഷൻ ബാധിക്കുകയില്ല.

(ഡി) റീ-അഫിലിയേഷനുവേണ്ടി ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളവയുടെയും അപേക്ഷ സമർപ്പിക്കാൻ ബാക്കിയുള്ള ഐ.ടി.ഐ.-കളുടെയും പട്ടിക അനുബന്ധം ആയി ചേർത്തിരിക്കുന്നു*. നിലവിൽ ഒരു സർക്കാർ ഐ.ടി.ഐ.-ക്കും റീ-അഫിലിയേഷൻ ലഭിച്ചിട്ടില്ല.

ശരണ്യ തൊഴിൽ പദ്ധതി

255(T2724) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശരണ്യ തൊഴിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കൾ ആരെല്ലാമാണ്; ഇതിൻ പ്രകാരം ഏതെല്ലാം പദ്ധതികൾക്കാണ് ധനസഹായം അനുവദിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭർത്താവ് മരണപ്പെടുന്നതോ അല്ലെങ്കിൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ, വിവാഹബന്ധം വേർപെടുത്തുകയോ ചെയ്യുന്നതോടുകൂടി മക്കളെയും വൃദ്ധരായ മാതാപിതാക്കളെയും സംരക്ഷിക്കേണ്ടിവരുന്ന അശരണരും സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് സ്വയം തൊഴിലിലൂടെ അവർക്ക് ഒരു ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് ധനസഹായം നൽകുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഇതിലൂടെ സ്ത്രീശാക്തീകരണവും, തൊഴിലില്ലായ്മ ഒരു പരിധിവരെ കുറയ്ക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly